

# തൊഴിലുറപ്പ് പദ്ധതിയിലൂടെ ഫാർമർ ഫസ്റ്റ് പ്രോഗ്രാം

■ **അനിതകുമാരി പി.**
**ജിതിൻ ഷാജു**

ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ നവീനവും കർഷക സമൂഹത്തിനെ മുൻനിരയിൽ നിർത്തിയുള്ള പങ്കാളിത്ത ഗവേഷണ വിജ്ഞാന വ്യാപന പദ്ധതിയാണ് ഫാർമർ ഫസ്റ്റ് പ്രോഗ്രാം. നമ്മുടെ സംസ്ഥാനത്ത് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്തിലാണ് കായംകുളം കൃഷ്ണപുരത്തുള്ള ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ - കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം 2016 മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

തൊഴിൽ ഉറപ്പാകുമ്പോൾ വരുമാനം ഉറപ്പാകുന്നു, കൃഷിയുറപ്പാകുമ്പോൾ പോഷണവും ആരോഗ്യവും പാരിസ്ഥിതിക മൂല്യവും ഉണ്ടാകുന്നുണ്ട്. തൊഴിലും കൃഷിയും പരസ്പരാധിഷ്ഠിതമാണ്. ലോകത്തിനാകെ മാതൃകയായ സാമൂഹ്യ സുരക്ഷ പദ്ധതിയാണല്ലോ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS). ആഗസ്റ്റ് 25, 2005 നാണ് നിയമാനുസൃതമായി തൊഴിൽ അവകാശവും ഉറപ്പും നൽകുന്ന പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. തൊഴിലെടുക്കാൻ പ്രാപ്തിയുള്ളവർക്ക് ഒരു വർഷം 100 തൊഴിൽ ദിനങ്ങൾക്ക് അർഹതയുണ്ടായിരിക്കുമെന്ന് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അറിവുള്ളതാണല്ലോ. വ്യക്തമായ വീക്ഷണത്തോടെ പൊതുസമൂഹത്തിന് ഗുണകരമാകുന്ന തൊഴിലുകൾ ഗ്രാമസഭയുടെ ആഭിമുഖ്യത്തിൽ നിശ്ചയിച്ച് ഗ്രാമപഞ്ചായത്തുകളാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ സാമൂഹ്യ സാമ്പത്തിക സാഹചര്യത്തിൽ മഹാത്മാ ഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വനിതാശാക്തീകരണത്തിന് ചാലകശക്തിയാകുന്നുവെന്ന് പഠനങ്ങളും അനുഭവങ്ങളും കാണിക്കുന്നു. അതിനാൽ കാർഷിക സ്വയംപര്യാപ്തതയിലേക്കും ഭക്ഷ്യ സുരക്ഷയിലേക്കും നയിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ശാസ്ത്രാധിഷ്ഠിതമായ കൃഷിയുമായി സംയോജിപ്പിക്കുന്നത് അനിവാര്യമാണ്. എന്തുകൊണ്ടെ



ന്നാൽ കൃഷിയിലെ ലാഭവും ഉത്പാദനക്ഷമതയും നിശ്ചയിക്കുന്ന പ്രധാന ഘടകമാണ് തൊഴിലാളികളുടെ ലഭ്യതയും അവരുടെ നൈപുണ്യവും.

എന്നാൽ ഉയർന്ന കൂലിനിരക്കും തൊഴിലാളികളുടെ ദൗർലഭ്യവും കേരളത്തിലെ സാമൂഹ്യവികസനത്തിന്റെ പ്രതിഫലനങ്ങളാണെന്ന് 2013 ൽ നടന്ന ഡോ. ഉലാത്തിയുടെയും സഹപ്രവർത്തകരുടെയും ഒരു പഠനത്തിൽ വിലയിരുത്തിയിട്ടുണ്ട്. കൃഷിഭൂമിയുടെ തുണ്ടുവത്കരണം നാമമാത്രകൃഷിയിടങ്ങളുടെ ബാഹുല്യതയിലേക്ക് നയിച്ചിട്ടുള്ളത് വ്യാപകമായ യന്ത്രവത്കരണത്തിന് അനുയോജ്യമായ സ്ഥിതിയല്ല കരകൃഷിയിൽ പ്രദാനം ചെയ്യുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കൂടുതൽ സ്ത്രീ പങ്കാളിത്തവും പ്രാതിനിധ്യവും വർദ്ധിച്ചിട്ടുള്ളത് കേരളത്തിലും തെലങ്കനായിലുമാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. MGNREGS-ന്റെ ഭാവിപരിപാടികളിൽ പ്രായോഗിക നവീകരണത്തിന്റെ ആവശ്യകതയും പഠനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കൃഷിച്ചെലവ് കുറച്ച് ഉത്പാദനം വർദ്ധിപ്പിക്കാനുള്ള മികച്ച കാർഷിക പരിശീലനങ്ങളും അറിവധിഷ്ഠിത നൈപുണ്യ വികസന ഇടപെടലുകളും പിന്തുണയും കാർഷിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും കാർഷികാനുബന്ധ ഏജൻസികളിൽ നിന്നും തുടർനടപടികളായി രൂപപ്പെടുത്തേണ്ടതും നിർവ്വഹിക്കേണ്ടതുമാണ്.

**തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കൃഷിച്ചെലവ് കുറച്ച് ഉല്പാദനം വർദ്ധിപ്പിക്കാനുള്ള മികച്ച കാർഷിക പരിശീലനങ്ങളും അറിവധിഷ്ഠിത നൈപുണ്യ വികസന ഇടപെടലുകളും പിന്തുണയും കാർഷിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും കാർഷികാനുബന്ധ ഏജൻസികളിൽ നിന്നും തുടർനടപടികളായി രൂപപ്പെടുത്തേണ്ടതും നിർവ്വഹിക്കേണ്ടതുമാണ്.**

## തൊഴിലുറപ്പും ഫാർമർ ഫസ്റ്റ് പദ്ധതിയും

കാർഷിക വികസനത്തിലും ഗവേഷണ പ്രവർത്തനങ്ങളുടെ പങ്കാളിത്തത്തിലും നയരൂപീകരണത്തിലും കർഷകന്റെ സ്ഥാനം ഒന്നാമതായിരിക്കണം എന്നത് നിസ്തർക്കമാണ്. പ്രായോഗിക തലത്തിൽ

| പട്ടിക 1: സി. പി. സി. ആർ. ഐ. -ഫാർമർ ഫസ്റ്റ് പദ്ധതി തൊഴിലുറപ്പുമായി സംയോജിപ്പിച്ച് കൃഷി ചെയ്ത വിളകൾ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | വിള | ഇനങ്ങൾ | അനുയോജ്യ സമയം | കാലയളവ് | സാധ്യതാവിളവ് (ഒരേക്കറിന്) |
| 1. | റാഗി | പയ്യൂർ1, പയ്യൂർ 2 | ജൂൺ - ഒക്ടോബർ (വർഷ കാലം), ഡിസംബർ - മാർച്ച് (വേനൽക്കാലം) | 3 മുതൽ 5 മാസം | 400 മുതൽ 600 കി (മഴയെ ആശ്രയിച്ചുള്ള കൃഷി) |
| 2. | എള്ള് | കായംകുളം 1, കായംകുളം 2, തിലക് തിലതാര, തിലറാണി, SVPR-1 | ഓഗസ്റ്റ്- ഡിസംബർ (കരകൃഷി), ജനുവരി – ഏപ്രിൽ (വയൽകൃഷി) | കായംകുളം 1 (80 ദിവസം), തിലക് (84 ദിവസം), തിലതാര (78 ദിവസം), തിലറാണി (77 ദിവസം), SVPR-1(75 - 80 ദിവസം) | 120 കി. (കായംകുളം 1) 256 കി. (തിലക്), 240 കി. (SVPR-1), 232 കി. (തിലറാണി), 228 കി. (തിലതാര) |
| 3. | മഞ്ഞൾ | പ്രഗതി, പ്രതിഭ | ഏപ്രിൽ - മെയ് | 7 മുതൽ 9 മാസം | 6000 കിലോ |
| 4. | ഇഞ്ചി | മഹിമ | ഏപ്രിൽ - മെയ് | 8 മുതൽ 10 മാസം | 5000 കിലോ |
| 5. | തീറ്റപ്പുല്ല് | CO3, CO5 | മെയ് - ജൂൺ | 2 മുതൽ 3 മാസം | 20 മുതൽ 25 ടൺ |
| 6. | തീറ്റചോളം | ആഫ്രിക്കൻ ടാൾ | മെയ് - ജൂൺ | 60 മുതൽ 75 ദിവസം | 14 ടൺ |
| 7. | മുതിര | പയ്യൂർ | ഓഗസ്റ്റ്- നവംബർ | 3 മുതൽ 4 മാസം | 280 മുതൽ 360 കിലോ |
| 8. | കാച്ചിൽ | ശ്രീകീർത്തി | ഏപ്രിൽ - മെയ് | 8 മുതൽ 9 മാസം | 4 മുതൽ 5 ടൺ |
| 9. | ചേമ്പ് | KLS3 | മെയ് - ജൂൺ | 5 മുതൽ 6 മാസം | 2 മുതൽ 2.5 ടൺ |
| 10. | ചേന | ഗജേന്ദ്ര | ഫെബ്രുവരി – മാർച്ച് | 8 മുതൽ 9 മാസം | 11 മുതൽ 14 ടൺ |

അത് കൈവരിക്കാൻ കാതങ്ങളുടെ വിടവ് നികത്തേണ്ടതുണ്ട്. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ICAR) നവീനവും കർഷക സമൂഹത്തിനെ മുൻനിരയിൽ നിർത്തിയുള്ള പങ്കാളിത്ത ഗവേഷണ വിജ്ഞാന വ്യാപന പദ്ധതിയാണ് "ഫാർമർ ഫസ്റ്റ് പ്രോഗ്രാം (Farmer FIRST Programme - FFP)". നമ്മുടെ സംസ്ഥാനത്ത് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്തിലാണ് കായംകുളം കൃഷ്ണപുരത്തുള്ള ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ - കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം (ICAR - CPCRI) 2016 മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഗവേഷണത്തിലൂടെ ഉരുത്തിരിയുന്ന കാർഷിക സാങ്കേതിക ശുപാർശകൾ പൊതുവായി നിർദ്ദേശിക്കപ്പെടുന്നവയാണല്ലോ! അവ കർഷകരുടെ വിഭവനില, നവീകരിക്കാനുള്ള അനുഭവ സമ്പത്ത്, കൃഷിയിടത്തിന്റെ അവസ്ഥകൾ, സാംസ്കാരികമായ അഭിരുചികളും, പ്രാദേശികമായ പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗങ്ങളും ആധുനിക ശാസ്ത്ര സാങ്കേതികതയുമായി സംയോജിപ്പിക്കുകയും നവീകരിക്കുകയും മാറ്റങ്ങൾ വരുത്തുകയും ചെയ്താൽ മാത്രമേ പ്രായോഗികതലത്തിൽ അനുവർത്തിക്കപ്പെടാൻ സാധിക്കുകയുള്ളൂ. സാമൂഹ്യ സുരക്ഷ പദ്ധതികൾ ശാസ്ത്രാധിഷ്ഠിത പിൻബലത്തോടെ നടപ്പാക്കുമ്പോൾ അവയുടെ ലക്ഷ്യവും ശൈലിയും ഫലങ്ങളും കൂടുതൽ സാർത്ഥകമാകുന്നതായി സി. പി. സി. ആർ. ഐ. യുടെ ഫാർമർ ഫസ്റ്റ് പ്രോഗ്രാമും, പത്തിയൂർ പഞ്ചായത്തിലെ MGNREGS-മായി നടപ്പിലാക്കിയ സംയോജിത പ്രവർത്തനങ്ങളും സാക്ഷ്യപ്പെടുത്തുന്നത്.




## അനുഭവപാഠങ്ങൾ നൽകുന്ന സന്ദേശങ്ങൾ

- ഉത്പാദനമേഖലയുമായി നേരിട്ട് ഇടപെടുന്ന പ്രവർത്തനങ്ങൾ തൊഴി

ലുറപ്പ് പദ്ധതിയിൽ കുറവാണെന്നാണ് വിശകലനത്തിൽ കണ്ടെത്തിയത്. എന്നാൽ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, റോഡ്/പാതയുണ്ടാക്കൽ, പാടശേഖരം/തോടുകൾ വൃത്തിയാക്കൽ തുടങ്ങിയവ കാർഷികമേഖലയ്ക്ക് പരോക്ഷമായി പ്രയോജനകരവും തൊഴിൽദായകവുമാണ്.

- കാർഷിക പ്രവർത്തനങ്ങൾ വ്യക്തികളുടെ പുരയിടങ്ങളിൽ ചെയ്താൽ ഗുണഫലം ഉടമയ്ക്ക് മാത്രം കിട്ടുന്ന രീതിയിലാകുമെന്ന പരിമിതിയുണ്ട്. അതിനാൽ കാർഷിക മേഖലയിൽ ചെയ്യുന്ന സംയോജിത പ്രവർത്തനങ്ങളിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. വിവിധ കർഷകരുടെ കൃഷിയിടങ്ങളുടെ പരസ്പരധാരണയോടെയുള്ള ഏകീകരണമായിരുന്നു (Land Consolidation) അതിൽ പ്രധാനം. തരിശായി കിടന്നിരുന്ന പാടങ്ങൾ, തെങ്ങിൻ പുരയിടങ്ങളിലെ ഇടസ്ഥലങ്ങൾ എന്നിവ അവരുടെ പൂർണ്ണസമ്മതത്തോടെയും അതാത് വാർഡുകളിലെ ജനപ്രതിനിധികൾ, കർഷകസമൂഹം എന്നിവരുടെ നേതൃത്വത്തിലുമാണ് ഏകീകരണം ചെയ്തത്.
- കൃഷിയിട സന്ദർശനത്തിന്റെയും മണ്ണ് പരിശോധനയുടെയും അടിസ്ഥാനത്തിൽ കുറഞ്ഞത് തുടർച്ചയായ ഒരേക്കർ സ്ഥലത്ത് അനുയോജ്യമായ വിവിധ വിളയിനങ്ങളുടെ കാർഷികവും അനുബന്ധവുമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി. കൃഷിയിടങ്ങളുടെ തുണ്ടുവത്കരണത്തിന്റെയും അനാദായകരവും അശാസ്ത്രീയവുമായ കൃഷിയുടെയും പരിമിതികൾ ഇത്തരം സാമൂഹ്യ ഇടപെടലുകളിലൂടെയും തൊഴിലുറപ്പ പദ്ധതിയുമായുള്ള സംയോജനം വഴിയും മറികടക്കാനായത് നേട്ടമായി. ഒരേക്കർ മുതൽ അഞ്ചേക്കർ വരെ തുടർച്ചയായുള്ള വിസ്തൃതിയിൽ കൃഷിയിടങ്ങൾ ഏകീകരിച്ച് വിളകൾ തെങ്ങിൻപുരയിടങ്ങളിലെ തരിശ് സ്ഥലങ്ങളിൽ കൃഷിയിറക്കാനായിട്ടുണ്ട്. MGNREGS - മായുള്ള സംയോജിത പ്രവർത്തനങ്ങളുടെ ഫലങ്ങൾ മാതൃകയും അനുഭവസാക്ഷ്യങ്ങളുമായി മാറിയിട്ടുമുണ്ട്.
- 600 ലധികം ഏക്കർ തരിശ് സ്ഥലങ്ങളിൽ മൂന്ന് വർഷത്തെ ഫാർമർ ഫസ്റ്റ് - മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്പദ്ധതി സംയോജന പ്രവർത്തനങ്ങളിലൂടെ കൃഷിയിറക്കാനായിട്ടുണ്ട്.
- കേരളത്തിൽ മികച്ച സാധ്യതകളുള്ള പുതിയ ഇടവിളകൾ ആദ്യമായി കർഷക പങ്കാളിത്ത പരീക്ഷണങ്ങളിലൂടെ വിലയിരുത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു. കുവരക് (പഞ്ഞപ്പുല്ല്), തീറ്റപ്പുല്ല്, ചോളം, കാലിത്തീറ്റ ചോളം, എള്ള്, സൂര്യകാന്തി, കിഴങ്ങുവർഗ്ഗവിളകൾ, മഞ്ഞൾ, ഇഞ്ചി എന്നിവയുടെ വിജയ സാധ്യതയും പ്രാദേശിക അനുയോജ്യതയും 19 വാർഡുകളിലും തെളിയിക്കപ്പെട്ടു. ഇത്തരം സാമൂഹ്യപരീക്ഷണങ്ങളിലൂടെ അത് പൊതു അഭിപ്രായവും വിലയിരുത്തലും രൂപപ്പെടുകയുമുണ്ടായത് ഇവയുടെ സ്വീകാര്യത വർദ്ധിപ്പിച്ചു.
- ഭാരതത്തിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും പുറത്തിറക്കിയ വിളയിനങ്ങളാണ് സി. പി. സി. ആർ. ഐ. ഫാർമർ ഫസ്റ്റ് പദ്ധതി വഴി ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിലും നേതൃത്വത്തിലും കൃഷി ചെയ്യിക്കുകയും പ്രാദേശികമായി അവയുടെ അനുയോജ്യത പങ്കാളിത്ത വിശകലനത്തിലൂടെ ഉറപ്പാക്കുകയും ചെയ്തത്. പൊതുസമൂഹത്തിന്റെ ക്രിയാത്മകമായ വിലയിരുത്തലിനും അഭിപ്രായ രൂപീകരണത്തിനും കൂടി ഇത്തരം ഇടപെടലുകൾ പ്രേരകമായിട്ടുണ്ട്.
- പട്ടികയിലുള്ള വിവിധ വിളകളുടെ ഉൽപ്പാദനശേഷി കൂടിയ ഇനങ്ങൾ (ഇന്ത്യയിലെ വിവിധ ഗവേഷണ കേന്ദ്രങ്ങൾ വികസിപ്പിച്ചെടുത്തവ) പഞ്ചായത്തിലെ 19 - വാർഡുകളിലും വ്യാപിപ്പിക്കാൻ കേവലം 2 വർഷങ്ങൾ കൊണ്ട് സാധ്യമായത് നവീകരിച്ച വിജ്ഞാന വ്യാപന മാതൃക നടപ്പാക്കിയതിലൂടെയാണ്. തൊഴിലുറപ്പ് പദ്ധതിയിലെ പങ്കാളികൾക്ക് ശാസ്ത്രീയമായ സാങ്കേതികവിദ്യകൾ സമൂഹത്തിലെത്തിക്കാനുള്ള വിജ്ഞാനവ്യാപനയത്നങ്ങളിൽ സാർത്ഥകമായ പങ്ക് വഹിക്കാൻ

പട്ടിക 2: സി. പി. സി. ആർ. ഐ. -ഫാർമ്മർ ഫസ്റ്റ് പദ്ധതിയുടെ ഭാഗമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകിയ പരിശീലന പരിപാടികൾ

| ക്രമനമ്പർ | വിഷയം | എണ്ണം | ആകെ പങ്കെടുത്തവർ |
|---|---|---|---|
| 1. | എള്ള് കൃഷി പരിശീലനം | 6 | 62 |
| 2. | പഞ്ഞപ്പുല്ല്/ റാഗി പരിശീലനം | 3 | 40 |
| 4 | മഞ്ഞൾ കൃഷി പരിശീലനം | 4 | 32 |
| 3. | ശാസ്ത്രീയ ചോള കൃഷി പരിശീലനം | 3 | 37 |
| 5. | ശാസ്ത്രീയ ചേന, ചേമ്പ്, കാച്ചിൽ കൃഷി പരിശീലനം | 4 | 32 |
| 6. | ഇഞ്ചി കൃഷി പരിശീലനം | 1 | 38 |
| 7. | ശാസ്ത്രീയ പച്ചക്കറി കൃഷി പരിശീലനം | 3 | 58 |
| 8. | ശാസ്ത്രീയ മുതിരകൃഷി പരിശീലനം | 1 | 43 |
| 9. | സൂര്യകാന്തി കൃഷി പരിശീലനം | 1 | 28 |
| 10. | ജൈവ കൃഷി പരിശീലനം | 6 | 44 |
| 11. | മുല്ലപ്പ കൃഷിയിലെ ശാസ്ത്രീയ രീതികൾ | 1 | 24 |
| 12. | കൂൺ കൃഷി പരിശീലനം | 1 | 33 |
| 13. | തീറ്റപ്പുല്ല് / തീറ്റചോളം ശാസ്ത്രീയ കൃഷി പരിശീലനം | 5 | 74 |
| 14. | ശാസ്ത്രീയ നിമാവിര നിയന്ത്രണ പരിശീലന പരിപാടി | 1 | 28 |
| 15. | കാർഷിക അവശിഷ്ട സംസ്കരണം | 4 | 20 |
| 16. | ശുചിത്വ കൃഷി ബോധവത്കരണവും കാർഷിക പ്രവർത്തന അവലോകനവും | 19 | 708 |
| | TOTAL | 63 | 1297 |

കഴിയുമെന്നതിന്റെ ഉദാഹരണം കൂടിയാണ് CPCRI - ഫാർമർ ഫസ്റ്റ് പ്രോഗ്രാം - MGNREGS സംയോജിത മാതൃക.

- ഓരോ വിളയും കൃഷിയിറക്കുന്നതിന് മുൻപ് ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ അതാത് കൃഷിയിടങ്ങളിലോ, സമീപത്തോ വച്ച് തന്നെ പരിശീലന പരിപാടികൾ നടത്തുകയും, പിന്നീട് ആഴ്ചയിലൊരിക്കലെങ്കിലും കൃഷിയിട സന്ദർശനം നടത്തി കാർഷിക പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും, CPCRI - ഫാർമർ ഫസ്റ്റ് പ്രോഗ്രാമിലൂടെ അതിനുള്ള സഹായ സഹകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൃഷിയിടങ്ങളിലെ ഏതു പ്രശ്നങ്ങളും നേരിട്ടോ, ഫോൺ മുഖേനയോ, വാട്സ്ആപ്പ് ഗ്രൂപ്പ് വഴിയോ താമസംവിനാ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരം സാമൂഹിക പരീക്ഷണങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലെ വനിത തൊഴിലാളികളുടെ പ്രായോഗിക ജ്ഞാനവും, നൈപുണ്യവും ഗണ്യമായി വർദ്ധിപ്പിച്ചതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

## തൊഴിലുറപ്പിലെ കൃഷിശാസ്ത്രം - തരിശുരഹിത വികസനത്തിന്

സാമൂഹ്യ പങ്കാളിത്ത ഗവേഷണ പദ്ധതിയാണ് CPCRI-യുടെ “Farmer FIRST Programme” (FFP). പദ്ധതിയുടെ പൂർണ്ണമായ സാമ്പത്തിക സഹായം ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിൽ (ICAR) നിന്നാണ്. സർവ്വതല സ്പർശിയായ ഫാർമർ ഫസ്റ്റ് പദ്ധതിയുടെ ഇടപെടലുകൾ പത്തിയൂർ പഞ്ചായത്തിലെ 19 - വാർഡുകളിലും നടപ്പിലാക്കി വരുന്നുണ്ട്. വിള, ഉദ്യാനവിളകൾ (ഹോർട്ടികൾച്ചർ), മൃഗസംരക്ഷണം, പ്രകൃതിവിഭവ പരിപാലനം, മൂല്യവർദ്ധനവും സംരംഭകത്വവും, സംയോജിത കൃഷി സമ്പ്രദായങ്ങൾ എന്നിങ്ങനെ ആറ് ഘടകങ്ങളിലായാണ് പ്രവർത്തന പങ്കാളിത്ത ഗവേഷണങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പ്രധാനമായും വിള, ഉദ്യാന വിള ഘടകങ്ങളിലാണ് സംയോജന പ്രവർത്തനങ്ങൾ നടപ്പാക്കിയത്. പഞ്ചായത്ത് തരിശുരഹിതമാകുന്നതിൽ ശാസ്ത്രീയതയിലൂന്നിയ സംയോജന പ്രക്രിയയിലൂടെ സാധിച്ചത് അഭിമാനകരം തന്നെയാണ്.

- തെങ്ങിൻ പുരയിടങ്ങളിൽ ഇടവിളകൃഷിയില്ലാതെ തരിശായി കിടക്കുന്നത് തെങ്ങുകളുടെ ആരോഗ്യം, വിളവ്, കീടരോഗബാധ, മണ്ണിന്റെ ഗുണമേന്മ, പാരിസ്ഥിതിക സ്ഥിതി, പ്രാദേശിക ഇക്കോളജി എന്നിവയേയും പ്രതികൂലമായി ബാധിക്കുന്നതാണ്. ശരിയായ കൃഷി രീതികളിൽ വിജയം വരിക്കാൻ ചെറുകിട നാമമാത്ര കൃഷിയിടങ്ങളിൽ ഇത്തരം ഘടകങ്ങളുടെ പ്രാധാന്യം ഏറെയാണ്. ഫാർമർ ഫസ്റ്റ് പദ്ധതിയിലൂടെ സാമൂഹ്യ ഇടപെടലുകൾ നടത്തി കൃഷിയിടങ്ങൾ സംയോജിപ്പിച്ച് ചെറുകൃഷിയിൽ നിന്നും കൂട്ടുകൃഷിയിലേക്ക് തൊഴിലുറപ്പ് ഗുണപരമായി മാറ്റാൻ സാധിച്ചു.
- മെച്ചപ്പെട്ട വിളയിനങ്ങൾ വ്യാപകമാക്കാനും മികച്ച വിളവ് സ്വന്തമാക്കാനും തൊഴിലുറപ്പ് സംയോജനത്തിലൂടെ കഴിഞ്ഞു. കർഷക സമൂഹത്തിനും ഇത്തരം ഇടപെടലിലൂടെ മികച്ച വിളയിനങ്ങൾ വ്യാപകമായി കൃഷി ചെയ്യാൻ അവസരം ലഭിച്ചത് മാതൃകാപരമാണ്.
- തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിപ്പിക്കാനും തൊഴിൽ വരുമാനം ഗണ്യമായി കൂടാനും CPCRI - ഫാർമർ ഫസ്റ്റ് പ്രോഗ്രാം - MGNREGS സംയോജനത്തിലൂടെ കഴിഞ്ഞു. തൊഴിലാളികളുടെ ഭവനങ്ങളിലെ ഭക്ഷ്യസുരക്ഷയ്ക്കും ഭക്ഷണവൈവിധ്യത്തിനും നിദാനമായതു കൂടാതെ ഗുണമേന്മയുള്ള കാർഷിക ഉത്പന്നങ്ങൾ പഞ്ചായത്തിലെയും സമീപത്തേയും ഉപഭോക്താക്കൾക്ക് വിശ്വാസ്യതയോടെ എത്തിക്കാനുമായത് ഇത്തരം ശാസ്ത്രാധിഷ്ഠിത സംയോജന ഇടപെടലുകളുടെ മാറ്റം മാറ്റവും തെളിയിക്കുന്നു.
- തൊഴിലുറപ്പിലെ തൊഴിൽ സാമൂഹ്യനന്മയ്ക്കുതകുന്നതിന് കൂടി മാതൃകയാണിത്. ചെറുപുരയിടങ്ങളിലെ കൃഷി ആദായകരമാകുന്നതിനും കർഷകസമൂഹത്തിന് ആധുനിക സാങ്കേതികസംഭാവനകൾ എത്തിയ്ക്കുന്നതിനും സ്വന്തമായി കൃഷിയിടമില്ലാത്ത 500-ലേറെ വരുന്ന വനിതകൾക്ക് കാർഷിക സംഭാവന ചെയ്യാൻ ആത്മാഭിമാനത്തോടെ കഴിഞ്ഞതും നേട്ടങ്ങൾ തന്നെയാണ്.

> തരിശു കൃഷിയിടങ്ങളുടെ ഏകീകരണത്തിന്റെ പ്രായോഗിക മാതൃകയുടെ ഫലങ്ങൾ തികച്ചും പ്രോത്സാഹനജനകമാണ്. ഫാർമർ ഫസ്റ്റ് പദ്ധതിയുടെ നടത്തിപ്പിന് മുൻപ് 86 ശതമാനം തൊഴിലാളികളും പരിശീലന പരിപാടികളിലൊന്നും തന്നെ പങ്കെടുത്തിരുന്നില്ല. എന്നാൽ ഫാർമർ ഫസ്റ്റ് പദ്ധതിയിലൂടെ എല്ലാവർക്കും ഒന്നോ അതിലധികമോ പരിശീലനങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞതായി പഠനം വ്യക്തമാക്കുന്നു.

## കേന്ദ്ര തോട്ടവിള ഗവേഷണസ്ഥാപനം - ഫാർമർ ഫസ്റ്റ് പ്രോഗ്രാം പഠന വിവരങ്ങൾ

പത്തിയൂർ പഞ്ചായത്തിൽ (ഫാർമർ ഫസ്റ്റ് പ്രോഗ്രാം) സി പി സി ആർ ഐ നടത്തിയ സാമ്പിൾ സർവ്വെയിൽ വനിത തൊഴിലാളികളിൽ 65 ശതമാനത്തോളം 35 - നും 55 നും വയസ്സിനിടയിൽ പ്രായമുള്ളവരാണ്. വെറും 7 ശതമാനം മാത്രമാണ് യുവജനങ്ങളുണ്ടായിരുന്നത് (35 വയസ്സിൽ താഴെ പ്രായം). ശ്രദ്ധേയമായ വിവരം കൃഷിയിടങ്ങളെക്കുറിച്ചുള്ളതാണ്, 89 ശതമാനത്തോളം വനിതാ തൊഴിലാളികളും 20 സെന്റിൽ താഴെമാത്രം വസ്തു ഉള്ളവരാണെന്ന കണക്കാണ്. അതിൽ തന്നെ 69.42 ശതമാനത്തിനും 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരാണെന്ന് സർവ്വേയിൽ കണ്ടെത്തി. എന്നാൽ 98.2 ശതമാനം പേർക്കും വിദ്യാഭ്യാസം സിദ്ധിച്ചവരാണെന്നത് പരിശീലന പരിപാടികളിലെ സാങ്കേതികവിദ്യകളുടെ അനുവർത്തനം എളുപ്പമാക്കി.

തരിശു കൃഷിയിടങ്ങളുടെ ഏകീകരണത്തിന്റെ പ്രായോഗിക മാതൃകയുടെ ഫലങ്ങൾ തികച്ചും പ്രോത്സാഹനജനകമാണ്. ഫാർമർ ഫസ്റ്റ് പദ്ധതിയുടെ നടത്തിപ്പിന് മുൻപ് 86 ശതമാനം തൊഴിലാളികളും പരിശീലന പരിപാടികളിലൊന്നും തന്നെ പങ്കെടുത്തിരുന്നില്ല. എന്നാൽ ഫാർമർ ഫസ്റ്റ് പദ്ധതിയിലൂടെ എല്ലാവർക്കും ഒന്നോ അതിലധികമോ പരി




ശീലനങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞതായി പഠനം വ്യക്തമാക്കുന്നു. തൊഴിലുറപ്പ് ദിനങ്ങൾ വർദ്ധിപ്പിച്ചതിലൂടെയും കൃഷിയിലെ വിളവ് വിപണനം ചെയ്തതിലൂടെയും അധിക വരുമാനം കണ്ടെത്തിയതുകൂടാതെ സമ്പാദിക്കാനും കടങ്ങൾ വീട്ടാനും സാധിച്ചതായി തൊഴിലാളികൾ രേഖപ്പെടുത്തിയത് സാർത്ഥകമാണ്. 66.16 ശതമാനം പേർക്ക് 500 മുതൽ 1000 രൂപയുടെ വരെ മാസവരുമാന വർദ്ധനവ് നേടാനായപ്പോൾ 4.16 ശതമാനം പേർക്ക് 2000 - 2500 രൂപ മാസവരുമാന വർദ്ധനവ് നേടാനായി, 29.16 ശതമാനം പേർക്ക് 1000 - 2000 രൂപ വരെ മാസവരുമാനത്തിൽ വർദ്ധനവ് ഉണ്ടായി. മാസ സമ്പാദ്യത്തിലുണ്ടായ വർദ്ധനവ് നേരെ തിരിച്ചാണ്, 86.11 ശതമാനം തൊഴിലാളികൾക്ക് 500 -1000 രൂപ വരെയാണത്. കൃഷിയിൽ സാങ്കേതിക വിദ്യകളുടെ അനുവർത്തനവും തൊഴിൽ വർദ്ധിച്ചതും ചൂണ്ടിക്കാണിക്കേണ്ടത് തന്നെയാണ്. രണ്ടോ അതിലധികമോ കാർഷിക സാങ്കേതിക വിദ്യകൾ ഫാർമർ ഫസ്റ്റ് പദ്ധതിക്ക് ശേഷം അനുവർത്തിച്ചത് നൈപുണ്യ വികസനത്തോടൊപ്പം തന്നെയാണ്. വിളകളുടെ ഉൽപ്പാദനക്ഷമത മുമ്പത്തേക്കാളും വർദ്ധിച്ചതായി 94 .44 ശതമാനം തൊഴിലാളികളും തീർപ്പോടെ അറിയിച്ചു.

പത്തിയൂർ പഞ്ചായത്തിലെ 19 വാർഡുകളിലെയും ജനപ്രതിനിധികൾ, കർഷകർ, പൊതുസമൂഹം, പഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗത്തിലെ ജീവനക്കാരായ കലാറാണി, സിന്ധു, സജിത, സബിത എന്നിവരുടെ ആത്മാർത്ഥവും പ്രസക്തവും ഊർജ്ജസ്വലവും ആയ പ്രവർത്തനങ്ങളും ഇടപെടലുകളും വിജയ ഘടകങ്ങളായി എടുത്തുപറയേണ്ടതാണ് .

തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ തൊഴിലധിഷ്ഠിത വരുമാനം മാത്രമല്ല, കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതയിലേക്കും പഞ്ചായത്തിന്റെ കാർഷിക വികസനത്തിനും കർഷക/തൊഴിലാളി കുടുംബങ്ങളിലെ ഭക്ഷ്യ/ഭക്ഷണ സുരക്ഷയിലേക്കും നീളുന്നതാണെന്ന് CPCRI യുടെ ഫാർമർ ഫസ്റ്റ് പ്രോഗ്രാം - MGNREGS പരീക്ഷണം തെളിയിക്കുന്നു. കാർഷിക ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ പങ്കാളിത്തവും നേതൃത്വവും നൽകുമ്പോൾ തൊഴിലാളികളുടെ കാര്യക്ഷമതയും ശാസ്ത്ര അവബോധവും കൂട്ടുന്നത് നിലനിൽക്കുന്ന വികസന മുന്നേറ്റങ്ങൾക്ക് വഴിയൊരുക്കും. കേരളത്തിന്റെ കാർഷിക രംഗത്തു മാറ്റങ്ങൾ ഉണ്ടാക്കാനുള്ള ഒരു എളിയ മാതൃകയുടെ അനുഭവങ്ങൾ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുസമൂഹവും കൈകോർത്തുപോകേണ്ടതാണെന്ന വലിയ സന്ദേശമാണ് നൽകുന്നത്. □

*ലേഖകർ, അനിതകുമാരി പി.*
*സി. പി. സി. ആർ. ഐയിൽ പ്രിൻസിപ്പൽ സയന്റിസ്റ്റും ജിതിൻ ഷാജു സീനിയർ റിസർച്ച് ഫെല്ലോയുമാണ്*